## HADIA CSE Khutba Notes (06.12.2019)

### മനുഷ്യാവകാശം, ഇസ്‌ലാം, പൗരത്വബിൽ

വരുന്ന ഡിസംബർ 10 ചൊവ്വാഴ്ച അന്താരാഷ്ട്ര മനുഷ്യാവകാശ ദിനം ആണല്ലോ. 1948 ഡിസംബർ 10 നാണ് ഐക്യരാഷ്ട്ര സഭ ആദ്യമായി ആഗോള മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ഒപ്പുവക്കുന്നത്. അന്ന് മുതൽ എല്ലാ കൊല്ലവും പ്രസ്തുത ദിവസം മനുഷ്യാവകാശ ദിനമായി കൊണ്ടാടപ്പെടുന്നു. 1215 ൽ ബ്രിട്ടനിലെ ജോൺ രാജാവിനെ കൊണ്ട് ബലമായി ഒപ്പുവപ്പിച്ച മാഗ്നാകാർട്ടയാണ് ആദ്യത്തെ മനുഷ്യാവകാശ പ്രഖ്യാപനമായി ചരിത്രം രേഖപ്പെടുത്തുന്നത്. തുടർന്ന് ഇംഗ്ലണ്ടിലെ പാർലമെന്റ് അംഗീകരിച്ച മാഗ്നാകാർട്ട, ഇംഗ്ലണ്ടിലെ അവകാശ ഉടമ്പടി (1689), അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം (1776), അമേരിക്കൻ ഭരണ ഘടന (1787), ഫ്രാൻസിലെ മനുഷ്യാവകാശ പ്രഖ്യാപനം (1789) മുതലയാവയും മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ നാൾവഴികളായി കണക്കാക്കപ്പെടുന്നു. വിശിഷ്യാ, ഫ്രഞ്ച് വിപ്ലവത്തിലെ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങിയ ആശയങ്ങളും 'മനുഷ്യൻ സ്വതന്ത്രനായി പിറക്കുന്നു, സ്വതന്ത്രനായി തുടരുന്നു, തുല്യാവകാശങ്ങൾ ഉള്ളവരാണ്' എന്ന വിഖ്യാത മുദ്രാവാക്യവും മനുഷ്യാവകാശ ചരിത്രത്തിലെ വെള്ളി രേഖകളാണ്.

ലോകത്തിന്റെ ആധുനിക ചരിത്രം പഠിക്കുമ്പോൾ ഇപ്പറഞ്ഞവയെല്ലാം ശരിയായിരിക്കാം. എന്നാൽ അൽപം പിന്നിലേക്ക് സഞ്ചരിച്ചാൽ വിശുദ്ധ ഖുർആനെ പോലെ ഒരു മാഗ്നാകാർട്ടയോ പ്രവാചകന്റെ വിടവാങ്ങൽ പ്രഭാഷണത്തെ പോലെ ഒരു പ്രഖ്യാപനമോ മനുഷ്യാവകാശ ചരിത്രത്തിൽ നമുക്ക് കാണാൻ കഴിയില്ല. കാരണമെന്തെന്നോ?! മനുഷ്യന്റെ അന്തസ്സും അഭിമാനവും പ്രാധാന്യവും അംഗീകരിക്കലാണല്ലോ മനുഷ്യാവകാശത്തിന്റെ കാതൽ. ഖുർആനിക വീക്ഷണത്തിൽ പ്രപഞ്ചത്തിന്റെ കേന്ദ്ര ബിന്ദുവും സ്രഷ്ടാവിന്റെ പ്രതിപുരുഷനും (ഖലീഫ - ബഖറ 30) മനുഷ്യനാണ്. അല്ലാഹു പ്രഖ്യാപിക്കുന്നു:

**وَلَقَدْ كَرَّمْنَا بَنِي آدَمَ وَحَمَلْنَاهُمْ فِي الْبَرِّ وَالْبَحْرِ وَرَزَقْنَاهُمْ مِنَ الطَّيِّبَاتِ وَفَضَّلْنَاهُمْ عَلَى كَثِيرٍ مِمَّنْ خَلَقْنَا تَفْضِيلًا (الاسراء)**

അതുകൊണ്ടാണ് സ്രഷ്ടാവ് എല്ലാ വസ്തുക്കളെയും കുൻ എന്ന വചനം കൊണ്ട് പടച്ചപ്പോൾ (ബഖറ 117, ആലു ഇംറാൻ 47, അൻആം 73) മനുഷ്യനെ മാത്രം പ്രത്യേകം മണ്ണെടുത്ത് കുഴച്ച് തന്റെ കൈകൾ കൊണ്ട് പടച്ചത് (സ്വാദ് 72). ഒരു ഹദീസിൽ ഇപ്രകാരം കാണാം:

**عَنِ الْأَنْصَارِيِّ، أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: " لَمَّا خَلَقَ اللهُ آدَمَ عَلَيْهِ السَّلَامُ وَذُرِّيَّتَهُ قَالَتِ الْمَلَائِكَةُ: يَا رَبُّ خَلَقْتَهُمْ يَأْكُلُونَ وَيَشْرَبُونَ، وَيَنْكِحُونَ وَيَرْكَبُونَ فَاجْعَلْ لَهُمُ الدُّنْيَا، وَلَنَا الْآخِرَةَ، فَقَالَ اللهُ تَبَارَكَ وَتَعَالَى: لَا أَجْعَلُ مَنْ خَلَقْتُهُ بِيَدَيَّ، وَنَفَخْتُ فِيهِ مِنْ رُوحِي كَمَنْ قُلْتُ لَهُ كُنْ فَكَانَ " (شعب الايمان)**

മാത്രമല്ല, പ്രപഞ്ചത്തിൽ നിരവധി സൃഷ്ടികളുണ്ടെങ്കിലും ഏറ്റവും സുന്ദരമായി അല്ലാഹു പടച്ചത് മനുഷ്യൻമാരെയാണ്.

**اللَّهُ الَّذِي جَعَلَ لَكُمُ الْأَرْضَ قَرَارًا وَالسَّمَاءَ بِنَاءً وَصَوَّرَكُمْ فَأَحْسَنَ صُوَرَكُمْ (غافر) لَقَدْ خَلَقْنَا الْإِنْسَانَ فِي أَحْسَنِ تَقْوِيمٍ (التين)**

ഇമാം ദൈലമി (റ) ഉദ്ധരിക്കുന്ന ഒരു ഹദീസും മനുഷ്യനാണ് പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദു എന്ന ആശയത്തെ ഉറപ്പിക്കുന്നു.

**عن ابن عباس: قال صلي الله عليه و سلم: أتانى جبريل فقال يا محمد لولاك ما خلقت الجنة ولولاك ما خلقت النار (الديلمي)**

അതുപോലെ പ്രവാചകൻ (സ്വ) തന്റെ പ്രശസ്തമായ വിടവാങ്ങൽ പ്രഭാഷണത്തിൽ പതിനായിരങ്ങളെ സാക്ഷി നിറുത്തി എന്താണ് പറഞ്ഞത്?!

**أَيُّهَا النَّاسُ ، أَيُّ يَوْمٍ هَذَا ؟ وَأَيُّ شَهْرٍ هَذَا ؟ فَإِنَّ دِمَاءَكُمْ وَأَمْوَالَكُمْ ، وَأَعْرَاضَكُمْ عَلَيْكُمْ حَرَامٌ ،**

## HADIA CSE Khutba Notes (06.12.2019)

### മനുഷ്യാവകാശം, ഇസ്‌ലാം, പൗരത്വബിൽ

**كَحُرْمَةِ يَوْمِكُمْ هَذَا ، وَبَلَدِكُمْ هَذَا ، وَشَهْرِكُمْ هَذَا.**

ഇവിടെ ഒരു കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. മനുഷ്യന്റെ ശരീരത്തിനോ ധനത്തിനോ ഹാനിവരുത്താൻ പാടില്ല എന്നത് എല്ലാവർക്കും അറിയാവുന്ന, സർവരാലും അംഗീകരിക്കപ്പെടുന്ന ഒന്നാണ്. എന്നാൽ, സമാനമായി പരിരക്ഷിക്കപ്പെടേണ്ടതാണ് അവന്റെ അന്തസ്സും (അഭിമാനം) എന്നത് ഇസ്‌ലാം കൊണ്ടുവന്ന വളരെ വിപ്ലവകരമായ ഒരു ആശയമാണ്. അതുകൊണ്ട് തന്നെ വിശുദ്ധ ഇസ്‌ലാം ഏഷണി, പരദൂഷണം (ഹുജ്റാത് 12), അപവാദ പ്രചരണം (നൂർ 23), പരിഹാസം (ഹുജ്റാത്ത് 11), അനുകരണം (ഹുമസ 1), മുഖം ചുളിക്കൽ (ലുഖ്മാൻ 18), നിന്ദിക്കൽ... തുടങ്ങിയ മനുഷ്യന്റെ അന്തസ്സിന് കോട്ടം തട്ടുന്ന എല്ലാ കാര്യങ്ങളെയും നിഷിദ്ധമാക്കുകയുണ്ടായി. എന്തിന് പറയണം? മൂന്നാളുകൾ നിൽക്കുമ്പോൾ രണ്ടാളുകൾ മാത്രം സ്വകാര്യം പറയുന്നത് പോലും പ്രവാചകൻ (സ്വ) വിലക്കുകയുണ്ടായി. മാറ്റി നിറുത്തപ്പെട്ടയാൾക്ക് അത് വിഷമം ഉണ്ടാക്കാം എന്നതാണ് കാരണം.

**عن عَبْدِ اللهِ بْنِ عُمَرَ، أَنَّ رَسُولَ اللهِ، قَالَ: إِذَا كَانُوا ثَلَاثَةً فَلَا يَتَنَاجى اثْنَانِ دُونَ الثَّالِثِ (بخاري)**

ഇനി ഫ്രഞ്ച് വിപ്ലവത്തിന്റെ മൂന്ന് മുദ്രാവാക്യങ്ങൾ എടുക്കുക. എല്ലാം അടിസ്ഥാനപരമായി ഇസ്‌ലാം ലോകത്തിന് മുമ്പിൽ സമർപ്പിച്ച ആശയങ്ങളാണ്. ഉദാഹരണത്തിന് സ്വാതന്ത്ര്യം. ചങ്ങലകൾ പൊട്ടിച്ചെറിയാനാണല്ലോ പ്രവാചകൻ (സ്വ) കടന്നു വന്നത്.

**الَّذِينَ يَتَّبِعُونَ الرَّسُولَ النَّبِيَّ الْأُمِّيَّ الَّذِي يَجِدُونَهُ مَكْتُوبًا عِنْدَهُمْ فِي التَّوْرَاةِ وَالْإِنْجِيلِ يَأْمُرُهُمْ بِالْمَعْرُوفِ وَيَنْهَاهُمْ عَنِ الْمُنْكَرِ وَيُحِلُّ لَهُمُ الطَّيِّبَاتِ وَيُحَرِّمُ عَلَيْهِمُ الْخَبَائِثَ وَيَضَعُ عَنْهُمْ إِصْرَهُمْ وَالْأَغْلَالَ الَّتِي كَانَتْ عَلَيْهِمْ (الاعراف)**

മനുഷ്യന് സ്വാതന്ത്ര്യം നൽകലാണ് ഏറ്റവും വലിയ പുണ്യം എന്ന് ഖുർആൻ വേറെ ഒരിടത്ത് പറയുന്നു (ബലദ് 13). ഇസ്‌ലാമിലെ സകാത്തിന്റെ വിഹിതം ചിലവഴിക്കപ്പെടേണ്ട ഒരു വകുപ്പ് അടിമ വിമോചനമാണ് (തൗബ 60). അതുപോലെ സമത്വവും സാഹോദര്യവും. ഖുർആൻ വിളംബരം ചെയ്യുന്നു:

**يَاأَيُّهَا النَّاسُ إِنَّا خَلَقْنَاكُمْ مِنْ ذَكَرٍ وَأُنْثَى وَجَعَلْنَاكُمْ شُعُوبًا وَقَبَائِلَ لِتَعَارَفُوا إِنَّ أَكْرَمَكُمْ عِنْدَ اللهِ أَتْقَاكُمْ إِنَّ اللهَ عَلِيمٌ خَبِيرٌ (حجرات)**

**عَنْ أَبِي نَضْرَةَ حَدَّثَنِي مَنْ سَمِعَ خُطْبَةَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِي وَسَطِ أَيَّامِ التَّشْرِيقِ فَقَالَ يَا أَيُّهَا النَّاسُ أَلَا إِنَّ رَبَّكُمْ وَاحِدٌ وَإِنَّ أَبَاكُمْ وَاحِدٌ أَلَا لَا فَضْلَ لِعَرَبِيٍّ عَلَى أَعْجَمِيٍّ وَلَا لِعَجَمِيٍّ عَلَى عَرَبِيٍّ وَلَا لِأَحْمَرَ عَلَى أَسْوَدَ وَلَا أَسْوَدَ عَلَى أَحْمَرَ إِلَّا بِالتَّقْوَى (احمد)**

ശരീഅത്തിന്റെ ഇത്തരം ആശയങ്ങൾ ഉദ്ഘോഷിക്കപ്പെടുമ്പോൾ ചിലർ ഉന്നയിക്കാറുള്ള ഒരാരോപണം ഉണ്ട്; ഇസ്‌ലാമിന്റെ സാഹോദര്യ ബോധവും പൗരാവകാശങ്ങളും മുസ്‌ലിംകളിൽ മാത്രം പരിമിതമല്ലേ? (അടുത്ത് സോഷ്യൽ മീഡിയയിൽ പ്രചരിച്ച ഒരു സഹോദരിയുടെ സംസാരം ഓർക്കുക.) അല്ലെന്നതാണ് യാഥാർഥ്യം. എങ്ങനെ ആവാനാണ്? കാരണം ഇസ്‌ലാം എന്ന മതം മുസ്‌ലിംകൾക്കല്ല, മനുഷ്യർക്കുള്ളതാണ് (ആലു ഇംറാൻ 138). ഇസ്‌ലാം അംഗീകരിക്കുന്ന മുസ്‌ലിംകൾ മനുഷ്യനൻമക്ക് പ്രവർത്തിക്കേണ്ടവരാണ് (ആലു ഇംറാൻ 110). ഇസ്‌ലാം പരിചയപ്പെടുത്തുന്ന അല്ലാഹു ജനങ്ങളുടേതാണ് (നാസ് 1- 3). പ്രവാചകൻ (സ്വ) ജനങ്ങളുടേതാണ് (സബഅ് 28). ഖുർആൻ ജനങ്ങളുടേതാണ് (ബഖറ 185). കഅ്ബ ജനങ്ങളുടേതാണ് (ആലു ഇംറാൻ 96). പിന്നെ എങ്ങനെയാണ് ഇസ്‌ലാം അതിന്റെ മാനുഷിക അവകാശങ്ങളെ മുസ്‌ലിംകളിൽ മാത്രം പരിമിതപ്പെടുത്തുക?

**هَذَا بَيَانٌ لِلنَّاسِ وَهُدًى وَمَوْعِظَةٌ لِلْمُتَّقِينَ (ال عمران) كُنْتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنْكَرِ وَتُؤْمِنُونَ بِاللَّهِ وَلَوْ آمَنَ أَهْلُ الْكِتَابِ لَكَانَ خَيْرًا لَهُمْ مِنْهُمُ الْمُؤْمِنُونَ**

## HADIA CSE Khutba Notes (06.12.2019)

### മനുഷ്യാവകാശം, ഇസ്‌ലാം, പൗരത്വബിൽ

**وَأَكْثَرُهُمُ الْفَاسِقُونَ (ال عمران) قُلْ أَعُوذُ بِرَبِّ النَّاسِ مَلِكِ النَّاسِ إِلَهِ النَّاسِ (الناس) وَمَا أَرْسَلْنَاكَ إِلَّا كَافَّةً لِلنَّاسِ بَشِيرًا وَنَذِيرًا وَلَكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ (السبا)**

**شَهْرُ رَمَضَانَ الَّذِي أُنْزِلَ فِيهِ الْقُرْآنُ هُدًى لِلنَّاسِ وَبَيِّنَاتٍ مِنَ الْهُدَى وَالْفُرْقَان (بقرة) إِنَّ أَوَّلَ بَيْتٍ وُضِعَ لِلنَّاسِ لَلَّذِي بِبَكَّةَ مُبَارَكًا وَهُدًى لِلْعَالَمِين (ال عمران)**

കൂട്ടത്തിൽ ഒരു കാര്യവും കൂടി സൂചിപ്പിക്കട്ടെ. മനുഷ്യാവകാശം വളരെയധികം ലംഘിക്കപ്പെടുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. അതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് കഴിഞ്ഞ ദിവസം പാർലമെന്റ് പാസാക്കിയ ദേശീയ പൗരത്വ ഭേദഗതി ബില്ല്. കൃസ്ത്യൻ, ജൈന, ബുദ്ധ, ഹിന്ദു, സിക്ക് മതങ്ങളിൽ പെട്ടവരല്ലാത്ത കുടിയേറ്റക്കാരെ ഭാരതത്തിൽ നിന്ന് പുറത്താക്കുകയോ തുറന്ന ജയിലുകളിൽ പാർപ്പിക്കുകയോ ചെയ്യണമെന്നാണല്ലോ മേൽ ബില്ലിന്റെ ചുരുക്കം. ഇത് ഏറ്റവും പ്രധാനമായി നാം മുസ്‌ലിംകളെ മാത്രം ലക്ഷ്യം വച്ച് കൊണ്ടുള്ള ഒന്നാണെന്നത് വളരെ വ്യക്തമാണ്. ഇതിനെതിരെയും സമാനമായ മനുഷ്യന്റെ അടിസ്ഥാന അവകാശ ധ്വംസനങ്ങൾക്കെതിരെയും ശബ്ദിക്കേണ്ടത് കാലം നമ്മിൽ നിന്ന് തേടുന്ന ഏറ്റവും വലിയ ആവശ്യങ്ങളിൽ ഒന്നാണ്..

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in
**For any clarification: Mob: +919496445823**